# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 6355 — 11/7/2012-ൽ മറുപടിക്ക്

## മത്സ്യബന്ധന വകുപ്പിലെ ഉദ്യോഗസ്ഥ സംവിധാനം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എസ്. ശർമ്മ. | ശ്രീ.കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) മത്സ്യ ബന്ധനമേഖലയിൽ കേന്ദ്ര സംസ്ഥാന സർക്കാരുകൾ ആവിഷ്കരിച്ചിട്ടുള്ള ബൃഹത്പദ്ധതികൾ ഫലപ്രദമായി നടപ്പാക്കുന്നതിന് ഫിഷറീസ് വകുപ്പിൽ നിലവിലുള്ള ഉദ്യോഗസ്ഥ സംവിധാനം പര്യാപ്തമാണോ ; പുതിയ പദ്ധതി നടത്തിപ്പിനായി പുതിയ സ്ഥിരം തസ്തിക സൃഷ്ടിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ; | (എ) 11- ാം പഞ്ചവത്സര പദ്ധതിയിൽ RKVY യിൽ ഉൾപ്പെടുത്തി ഉൾനാടൻ മത്സ്യോല്പാദനം വർദ്ധിപ്പിക്കുന്നതിനായി വിവിധ പദ്ധതികളും മത്സ്യവിത്ത് ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി ഫാമുകളും സർക്കാർ ഫാമുകളും ഹാച്ചറികളും പുനരുദ്ധരിക്കുന്നതിനും വേണ്ടിയുള്ള പദ്ധതികളും 2007-08 മുതൽ നടത്തി വരുന്നു. 100 കോടി രൂപയുടെ പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഓരോ ജില്ലയിലും പഞ്ചായത്ത്, ബ്ലോക്ക്, ജില്ലാ അടിസ്ഥാനത്തിൽ ഏതെല്ലാം പദ്ധതികൾ വേണമെന്നു കണ്ടെത്തി പദ്ധതി തയ്യാറാക്കാൻ നിലവിലുള്ള ഉദ്യോഗസ്ഥരുടെ സേവനമാണ് ഉപയോഗിക്കുന്നത്. ഇതിനായി പ്രത്യേക ഉദ്യോഗസ്ഥ സംവിധാനം ഡയറക്ടറേറ്റിലോ ജില്ലയിലോ ഇല്ല.<br><br>RKVY, NFDB, കുട്ടനാട്, ഇടുക്കി പാക്കേജ് പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് നിലവിലുള്ള ഉദ്യോഗസ്ഥ സംവിധാനം |

| | | | |
|---|---|---|---|
| | | | പര്യാപ്തമല്ല. അതിനാൽ ആവശ്യത്തിനുള്ള ഉദ്യോഗസ്ഥരെ കോൺട്രാക്ട് അടിസ്ഥാനത്തിലാണ് നിയോഗിക്കുന്നത്. പുതിയ പദ്ധതികളുടെ നടത്തിപ്പിനായി പുതിയ സ്ഥിരം തസ്തികകൾ സൃഷ്ടിച്ചിട്ടില്ല. |
| (ബി) | ഫിഷറീസ് വകുപ്പിൽ റിസർച്ച് അസിസ്റ്റന്റ്, റിസർച്ച് ഓഫീസർ എന്നീ തസ്തികകൾ 10 വർഷത്തിനുമുൻപ് എത്രയെണ്ണം ഉണ്ടായിരുന്നു ; നിലവിൽ എത്ര എണ്ണമുണ്ട് ; പ്രസ്തുത തസ്തികകൾ പുന:സ്ഥാപിച്ച് വകുപ്പിലെ സാങ്കേതിക വിഭാഗത്തെ ശക്തിപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ; | (ബി) | 10 വർഷത്തിനുമുൻപ് റിസർച്ച് അസിസ്റ്റന്റ് തസ്തിക 7 ഉം റിസർച്ച് ഓഫീസർ തസ്തിക 2 ഉം ആയിരുന്നു. നിലവിൽ ഏഴ് റിസർച്ച് അസിസ്റ്റന്റ് തസ്തികയും ഒരു റിസർച്ച് ഓഫീസർ തസ്തികയുമുണ്ട്. റിസർച്ച് ആഫീസറുടെ ഒരു തസ്തിക പുന:സ്ഥാപിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ.